ഹദീസ്

അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi11@yahoo.com

# മാതാപിതാക്കൾ നമ്മുടെ സ്വർഗകവാടങ്ങൾ

عَنْ عَبْدِ اللَّهِ بْنَ عَمْرِو بْنِ الْعَاصِ رَضِيَ اللَّهُ عَنْهُمَا قَالَ : أَقْبَلَ رَجُلٌ إِلَى نَبِيِّ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَقَالَ : أُبَايِعُكَ عَلَى الْهِجْرَةِ وَالْجِهَادِ ؛ أَبْتَغِي الْأَجْرَ مِنَ اللَّهِ. قَالَ : " فَهَلْ مِنْ وَالِدَيْكَ أَحَدٌ حَيٌّ ؟ " قَالَ : نَعَمْ، بَلْ كِلَاهُمَا. قَالَ : " فَتَبْتَغِي الْأَجْرَ مِنَ اللَّهِ ؟ " قَالَ : نَعَمْ. قَالَ : " فَارْجِعْ إِلَى وَالِدَيْكَ فَأَحْسِنْ صُحْبَتَهُمَا " (رواه مسلم: 2549)

**അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ് (റ) പറഞ്ഞു; ഒരാൾ നബി (സ)യുടെ അടുത്ത് വന്നിട്ട് പറഞ്ഞു: ‘അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ഹിജ്റയും ജിഹാദും ചെയ്യാൻ അങ്ങയുമായി പ്രതിജ്ഞ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.’ അവിടുന്ന് ചോദിച്ചു: ‘താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?’ അദ്ദേഹം പറഞ്ഞു: ‘ഉണ്ട്, അവർ രണ്ടു പേരും ജീവിച്ചിരിപ്പുണ്ട്.’ ‘അതിലൂടെ അല്ലാഹു നൽകുന്ന പ്രതിഫലമാണ് താങ്കൾ തേടുന്നത്? അവിടുന്ന് ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: ‘തീർച്ചയായും.’ പ്രവാചകൻ പറഞ്ഞു: ‘താങ്കൾ താങ്കളുടെ മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങിപ്പോവുക. അവരൊത്തുള്ള സഹവാസം നന്നാക്കുക’ (മുസ്‌ലിം: 2549).**

മാതാപിതാക്കളോടുള്ള മക്കളുടെ ഉത്തരവാദിത്തവും കടമയും എന്തുമാത്രമാണ് എന്നറിയാൻ ഈ ഒരു ഹദീസ് തന്നെ മതി. അവരോടുള്ള ബാധ്യതകൾ വെവ്വേറെത്തന്നെ തിരുമേനി ഊന്നിയൂന്നിപ്പറഞ്ഞിട്ടുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു: ഞാൻ അല്ലാഹുവിന്റെ ദൂതനോട് (സ) ചോദിച്ചു; ‘ഏറ്റവും ശ്രേഷ്ഠമായ കർമം ഏതാണ്?’ അവിടുന്ന് പറഞ്ഞു: ‘സമയത്ത് തന്നെ നമസ്കരിക്കൽ.’ ഞാൻ ചോദിച്ചു: ‘പിന്നെ ഏതാണ്?’ ‘മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ.’ പിന്നെയേതാണെന്ന് ഞാൻ വീണ്ടും ചോദിച്ചു: ‘അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്’ - അവിടുന്ന് പറഞ്ഞു.

മാതാപിതാക്കളോടുള്ള അവഗണന ശിർക്കിനും കള്ളസാക്ഷ്യത്തിനും സമാനമായ കൊടിയ പാതകവും അന്ത്യനാളിന്റെ അടയാളവുമായിട്ടാണ് അവിടുന്ന് എണ്ണിയിട്ടുള്ളത്. അവർക്ക് കോപമുണ്ടാക്കുന്ന എത്ര നിസ്സാരമായ കാര്യവും അതീവ ഗുരുതരമാണ്. അവരെ ശകാരിക്കരുതെന്നല്ല, മറ്റുള്ളവർ നമ്മൾ കാരണം അവരെ ശകാരിക്കുന്ന സാഹചര്യം പോലും സൃഷ്ടിക്കരുതെന്നാണ് പ്രവാചകന്റെ കൽപന. ‘ഒരാൾ തന്റെ മാതാപിതാക്കളെ ശകാരിക്കുന്നത് വൻപാപങ്ങളിൽ പെട്ടതാകുന്നു.’ ‘അല്ലാഹുവിന്റെ ദൂതരേ, ആരെങ്കിലും മാതാപിതാക്കളെ ശകാരിക്കുമോ?’ അവർ ചോദിച്ചു. നബി പറഞ്ഞു: ‘അതേ, ഒരാൾ മറ്റൊരാളുടെ പിതാവിനെ തെറിപറയുന്നു, അപ്പോൾ അയാൾ ഇവന്റെ പിതാവിനെയും തെറിപറയുന്നു. ഇവൻ അവന്റെ മാതാവിനെ തെറി പറയുന്നു, അവൻ ഇവന്റെ മാതാവിനെയും’ (ബുഖാരി, മുസ്‌ലിം).

മാതാപിതാക്കൾ മക്കൾക്കു വേണ്ടി സഹിച്ച ത്യാഗങ്ങൾ നിസ്സീമമാണ്. അവർ പകർന്ന സ്നേഹത്തിനും ചൊരിഞ്ഞ വാത്സല്യത്തിനും പകരമില്ല. ആ അലിവും കരുതലും അനന്യം. അവർ പരിഗണിച്ചത് മക്കളെയാണ്. അവരുടെ സ്വപ്നങ്ങളിലെ നിറച്ചാർത്ത് അവരായിരുന്നു. അവർ പണിയെടുത്തതും സൗഭാഗ്യം തേടിയലഞ്ഞതും ദുഃഖങ്ങൾ കുടിച്ചുതീർത്തതും രോഗങ്ങൾ അവഗണിച്ചതും ഉറക്കം കളഞ്ഞതും തങ്ങളുടെ മക്കൾക്കു വേണ്ടിയായിരുന്നു. മക്കൾ തങ്ങളേക്കാളും സുഖത്തിലും പദവിയിലും ഉയരത്തിലും എത്തണമെന്നായിരുന്നു എന്നും അവരുടെ പ്രാർഥന. ഒരിക്കലും തിരിച്ചു നൽകാനാവാത്ത ഈ സ്നേഹബലിക്കു മുമ്പിൽ ആരും തോറ്റുപോവുകയേയുള്ളൂ. ഒരിക്കൽ മാതാവിനെയും പുറകിലേറ്റി കഅ്ബയെ വലംവെക്കുന്ന ഒരു യമൻകാരനെ ഇബ്നു ഉമർ (റ) കാണാനിടയായി. അദ്ദേഹം പറഞ്ഞു: ‘ഞാനവരുടെ ഏറ്റവും ഇണക്കമുള്ള ഒട്ടകമാവുന്നു. യാത്രികൻ വെപ്രാളം കാണിച്ചാലും ഞാൻ പരിഭ്രാന്തനാവുകയില്ല.’ പിന്നെ അയാൾ ചോദിച്ചു: ‘അല്ലയോ ഇബ്നു ഉമർ! താങ്കൾ പറയൂ, അവരോടുള്ള കടമ ഞാൻ നിറവേറ്റിയോ?’ ഇബ്നു ഉമർ പറഞ്ഞു: ‘ഒരിക്കലുമില്ല; പ്രസവ നേരത്ത് അവരുതിർത്ത ഒരൊറ്റ നിശ്വാസത്തിനു പോലും അത് മതിയാകില്ല’ (*അൽഅദബുൽ മുഫ്റദ്*).

മാതാപിതാക്കളോട് ഇടപഴകുമ്പോഴെല്ലാം തികഞ്ഞ ആദരവുണ്ടാകണം. ആജ്ഞകൾ അനുസരിക്കണം. നിർത്തിനിർത്തി പതുക്കെ വേണം സംസാരിക്കാൻ. പറയുമ്പോൾ ഇടയിൽ കയറരുത്. കേട്ടു പഴകിയതും ആദ്യമെന്നോണം കേൾക്കണം. മുഖത്ത് നീരസം ഒരിക്കലും പ്രകടമാകരുത്. സ്പർശനം, തലോടൽ, ചുംബനം, ചേർത്തുപിടിക്കൽ തുടങ്ങിയ സ്നിഗ്ധതയുള്ള പെരുമാറ്റമാണ് അവർക്കാവശ്യം. അവർക്കു വേണ്ടി ചെലവാക്കാൻ മടിയുണ്ടാവരുത്. സമ്മാനങ്ങളും വിഭവങ്ങളും അവർക്കായി പ്രത്യേകം ഒരുക്കണം. അവർക്കു വേണ്ടി പാപമോചനം തേടുകയും നിരന്തരം പ്രാർഥിക്കുകയും ചെയ്യുക. അവരുടെ സുഹൃത്തുക്കളെ ബഹുമാനിക്കണം, ബന്ധം തുടരുകയും വേണം. അവരിലൂടെ കിട്ടിയ കുടുംബബന്ധങ്ങളെ ചേർത്തുവെക്കണം. ഇങ്ങനെ ഇവ്വിഷയകമായി തിരുമേനി നൽകുന്ന ഉപദേശനിർദേശങ്ങൾ നിരവധിയാണ്.

**പ്രായാധിക്യത്താൽ വിഷമിക്കുന്ന മാതാപിതാക്കൾക്ക് സവിശേഷ പരിഗണന തന്നെ കൊടുക്കണം, ഹൃദയം നിറയെ കരുണയുണ്ടാവണം, താങ്ങും തണലുമായി ഒപ്പമുണ്ടാകണം. മതിവരാത്ത കൊതിയോടെ അവരെ കേട്ടുകൊണ്ടിരിക്കണം; കൊച്ചുകുഞ്ഞിന്റെ ഇളംകൊഞ്ചലുകൾക്കു കാതോർക്കുംപോലെ. വൃദ്ധരായ മാതാപിതാക്കളെ കിട്ടിയിട്ടും സ്വർഗം നേടാൻ കഴിയാതെ പോയവനെതിരെ ജിബ്‌രീൽ പ്രാർഥിച്ചതും പ്രവാചകൻ മിമ്പറിൽ വെച്ച് ആമീൻ പറഞ്ഞതും വിഷയത്തിന്റെ ഗൗരവം നമ്മെ ബോധ്യപ്പെടുത്താനാണ്.**

മാതാപിതാക്കൾ ഇതര മതവിശ്വാസികളാണ് എന്നിരുന്നാലും ഇക്കാര്യത്തിൽ മാറ്റമില്ല. ആദർശപരമായ വിഷയത്തിലൊഴികെ മറ്റെല്ലാറ്റിലും അവരോട് നന്മയോടെ വർത്തിക്കണം. അബൂബക്ർ(റ)ന്റെ മകൾ അസ്മയുടെ മാതാവ് മകളുടെ തണലും സാമീപ്യവും തേടി മദീനയിലെത്തി. അവർ വിശ്വാസിയായിരുന്നില്ല. അവരുമായി സഹവസിക്കുന്നതിനെപ്പറ്റി അസ്മ തിരുമേനിയുടെ അഭിപ്രായം ആരാഞ്ഞു. നബി പറഞ്ഞു: 'നീ നിന്റെ മാതാവുമായി ബന്ധം ചേർക്കുക' (ബുഖാരി). ഖുർആൻ പറയുന്നു: ''നിനക്കൊരറിവുമില്ലാത്ത വല്ലതിനെയും എന്റെ പങ്കാളിയാക്കാൻ അവരിരുവരും നിന്നെ നിർബന്ധിക്കുകയാണെങ്കിൽ അക്കാര്യത്തിൽ അവരെ നീ അനുസരിക്കരുത്. എന്നാലും ഇഹലോകത്ത് അവരോട് നല്ല നിലയിൽ സഹവസിക്കുക......'' (*ലുഖ്മാൻ*: 15). സഅ്ദുബ്നു അബീവഖ്ഖാസിന്റെ ഇസ്‌ലാം ആശ്ലേഷണം മാതാവിനെ വല്ലാതെ ചൊടിപ്പിച്ചു. 'ഇനി തീറ്റയും കുടിയുമില്ല, വെയിലത്തിരുന്ന് ഉരുകിച്ചാവും' - അവർ മകനെ ഭീഷണിപ്പെടുത്തി. അനുനയിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ മകൻ ഉമ്മയോട് പറഞ്ഞു: 'ഒന്നല്ല; അങ്ങേക്ക് ജീവൻ നൂറുണ്ടാകട്ടെ, ഞാൻ ഇസ്‌ലാം വിട്ടുപോരാൻ അതോരോന്നും ആഹുതി ചെയ്യാൻ അങ്ങ് തീരുമാനിച്ചാലും സഅ്ദ് ഇസ്‌ലാം ഉപേക്ഷിക്കുന്ന പ്രശ്നമില്ല.' മകന്റെ മനോദാർഢ്യത്തിനു മുമ്പിൽ മാതാവിന് തോൽക്കേണ്ടിവന്നു. ഈ സംഭവമാണത്രെ ആയത്തിന്റെ അവതരണ പശ്ചാത്തലം. സഅ്ദിന്റെ നിലപാട് അംഗീകരിച്ചപ്പോൾ തന്നെ, മാതാവിനോട് കർക്കശ വാക്കുകൾ പറഞ്ഞതിനെ തിരുത്തുകയും ഭൗതിക ജീവിതത്തിൽ മര്യാദാപൂർവം അവരോട് പെരുമാറാൻ ഉപദേശിക്കുകയുമാണ് ഖുർആൻ ചെയ്തത്.

സമകാലീന സമൂഹത്തിൽ മാതാപിതാക്കൾ ഏറ്റുവാങ്ങുന്ന ആദരം ഇങ്ങനെത്തന്നെയാണോ? ആശുപത്രികളിൽ ഉപേക്ഷിക്കപ്പെട്ടവർ, മക്കളുടെ കത്തിക്കിരയായവർ, ഇരുട്ടുമുറികളിൽ പുഴുവരിക്കുന്നവർ, തെരുവിൽ എറിയപ്പെട്ടവർ, വൃദ്ധസദനങ്ങളിൽ ജയിൽ വാസം വിധിക്കപ്പെട്ടവർ, മക്കളുടെ പരിചാരകരായി മാറേണ്ടിവരിക മൂലം കണ്ണീർക്കടലിൽ കൈകാലിട്ടടിക്കുന്നവർ... ആ ദുരിതപ്പട്ടിക നീളുന്നു.

പ്രായാധിക്യത്താൽ വിഷമിക്കുന്ന മാതാപിതാക്കൾക്ക് സവിശേഷ പരിഗണന തന്നെ കൊടുക്കണം, ഹൃദയം നിറയെ കരുണയുണ്ടാവണം, താങ്ങും തണലുമായി ഒപ്പമുണ്ടാകണം. മതിവരാത്ത കൊതിയോടെ അവരെ കേട്ടുകൊണ്ടിരിക്കണം; കൊച്ചുകുഞ്ഞിന്റെ ഇളംകൊഞ്ചലുകൾക്കു കാതോർക്കുംപോലെ. വൃദ്ധരായ മാതാപിതാക്കളെ കിട്ടിയിട്ടും സ്വർഗം നേടാൻ കഴിയാതെ പോയവനെതിരെ ജിബ്‌രീൽ പ്രാർഥിച്ചതും പ്രവാചകൻ മിമ്പറിൽ വെച്ച് ആമീൻ പറഞ്ഞതും വിഷയത്തിന്റെ ഗൗരവം നമ്മെ ബോധ്യപ്പെടുത്താനാണ്. ഗുഹയിൽ അകപ്പെട്ടുപോയവരിൽ ഒരാൾ മാതാപിതാക്കൾ ഉണരുംവരെ അവരുടെ ഭക്ഷണപ്പാത്രവുമായി കാത്തിരുന്നതും നന്മ എടുത്തോതി പ്രാർഥിച്ച് രക്ഷപ്പെട്ടതും പഠിപ്പിക്കുന്ന തത്ത്വം മറ്റൊന്നല്ല.

നൈരന്തര്യമുള്ള ഏറ്റവും വലിയ നന്മയാണ് മാതൃ-പിതൃസേവനം. 'നിങ്ങൾ മാതാപിതാക്കളോട് നന്നായി വർത്തിക്കുക, നിങ്ങളുടെ മക്കൾ നിങ്ങളോടും നന്നായി വർത്തിക്കും' (ത്വബറാനി). അയാസുബ്നു മുആവിയ തന്റെ മാതാവ് മരിച്ചപ്പോൾ കരയുന്നതു കണ്ട് ആളുകൾ ചോദിച്ചു. 'താങ്കളെന്തിനാണ് കരയുന്നത്?' അദ്ദേഹം പറഞ്ഞു: 'എനിക്ക് സ്വർഗത്തിലേക്ക് തുറക്കുന്ന രണ്ടു വാതിലുകളുണ്ടായിരുന്നു. അതിലൊന്ന് ഇന്നത്തോടെ അടഞ്ഞു പോയി.'

ആദ്യം ചേർത്ത ഹദീസിന്റെ മറ്റു ചില രിവായത്തുകളിൽ അബ്ദുല്ലാഹിബ്നു അംറ് പ്രവാചകനുമായി ബൈഅത്ത് ചെയ്യാൻ ഇറങ്ങിപ്പോരുമ്പോൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇരുവരും കരയുകയായിരുന്നു എന്നുമുണ്ട്. ജിഹാദിനും ഹിജ്റക്കുമുള്ളതിലേറെ പ്രാധാന്യം നിരാലംബരും വൃദ്ധരുമായ മാതാപിതാക്കൾക്ക് സേവനം ചെയ്യുന്നതിനുണ്ടെന്നാണ് ഈ വചനാമൃതത്തിലൂടെ പ്രവാചകൻ ഉണർത്തുന്നത്. ●